**ശ്രദ്ധ ക്ഷണിക്കൽ**

**ഹയർ സെക്കണ്ടറിക്ക് അധിക ബാച്ചുകൾ അനുവദിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ**

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ധ്യാപക പാക്കേജ് കൊണ്ടുവന്ന് വർഷങ്ങളായി നിലനിന്നിരുന്ന അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കിയ സർക്കാരാണിത്. നമുക്കറിയാം, നമ്മുടെ അദ്ധ്യാപകർ മുഴുവൻ ത്രിശങ്കുവിൽ നിൽക്കുന്ന ഒരു സ്ഥിതിയായിരുന്നു. അവർക്ക് എന്തെങ്കിലുമൊരു സംരക്ഷണം കിട്ടുമോയെന്ന് യാതൊരു ഉറപ്പുമില്ലാത്ത അവസരത്തിലാണ് ഈ ഗവൺമെന്റ് വളരെ ധീരമായി അദ്ധ്യാപക പാക്കേജ് കൊണ്ടുവന്നത്. അദ്ധ്യാപക പാക്കേജിന്റെ വിശദാംശങ്ങൾ പൂർണ്ണമായും നടപ്പാക്കണം. പൊതുവിദ്യാഭ്യാസം സംരക്ഷിച്ചുകൊണ്ട് സംതൃപ്തമായ ഒരു അദ്ധ്യാപക സമൂഹം സൃഷ്ടിക്കുകയെന്നത് ഈ സർക്കാരിന്റെ കടമയാണ്. 2013–14–ൽ സ്റ്റാഫ് ഫിക്സേഷൻ പുറത്തുവന്നപ്പോൾ റിട്രെഞ്ച്ഡ് ടീച്ചർമാർ അടക്കം 12000–ലധികം അദ്ധ്യാപകർ അധികമായി വരുമെന്നാണ് ഡി.പി.ഐ.–യുടെ കണക്ക്. ഇതുസംബന്ധിച്ച പുനർവിന്യാസം ഭംഗിയായി നടത്താനുള്ള നടപടികൾ സർക്കാർ തീരുമാനിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയിൽ വളരെ വലിയ മാറ്റമുണ്ടായിട്ടുണ്ട്. ഒന്നാം ക്ലാസ്സിൽച്ചേരുന്ന കുട്ടികളുടെ എണ്ണം സംസ്ഥാനത്ത് ഗണ്യമായി വർദ്ധിച്ചിരിക്കുന്നതുതന്നെ പൊതുവിദ്യാലയത്തോടുള്ളൊരു അവഗണന കേരളത്തിലെ രക്ഷകർത്താക്കൾ അവസാനിപ്പിച്ചിരിക്കുന്നുവെന്നുള്ളതിന് തെളിവാണ്. പൊതുവിദ്യാഭ്യാസ രംഗത്തും പൊതുവിദ്യാലയങ്ങൾക്കുമുണ്ടായ അടിസ്ഥാനസൗകര്യങ്ങളുടെ വർദ്ധനവും അക്കാദമിക് കാര്യങ്ങളിലുള്ള ശ്രദ്ധയും ജനങ്ങളും രക്ഷകർത്താക്കളും ജനപ്രതിനിധികളും അദ്ധ്യാപ

കരും ചേർന്നുള്ള കൂട്ടായ പരിശ്രമമങ്ങളുമെല്ലാം നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയിൽ വളരെ ശുഭോതർക്കമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. വളരെ ശ്രദ്ധയോടുകൂടി സർക്കാർ ഈ മേഖലയെ സമീപിച്ചാൽ ധാരാളം മാറ്റങ്ങൾ ഈ മേഖലയിൽ വരുത്താൻ കഴിയും. ഇപ്പോൾ ഹയർ സെക്കണ്ടറിക്ക് അധിക ബാച്ചുകൾക്ക് വളരെയധികം ലാഗുള്ളതുകൊണ്ട് എസ്.എസ്.എൽ.സി. പാസ്സായിവരുന്ന കുട്ടികളെ പൂർണ്ണമായി പ്ലസ്ടുവിൽ അക്കോമഡേറ്റ് ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് അധിക ബാച്ചുകൾ അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ധാരാളം സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഒരു ശ്രമമാണ് അധിക ബാച്ചുകൾ അനുവദിക്കുന്നത്. അതുകൊണ്ട് പ്രൈമറി-സെക്കണ്ടറി വിഭാഗങ്ങളിലെ അധിക യോഗ്യതയുള്ള അദ്ധ്യാപകർക്ക് പ്രൊമോഷൻ കൊടുത്ത് ഹയർസെക്കണ്ടറിയിൽ അധികമായുണ്ടാകുന്ന ബാച്ചുകളിലെ അദ്ധ്യാപകരായി നിയമിക്കുവാനുള്ള തീരുമാനം ഗവൺമെന്റ് എടുക്കണം. ഇതുകൊണ്ട് രണ്ടുരീതിയിൽ ഗുണമുണ്ട്. ഒന്ന്, ഈ അദ്ധ്യാപക ബാങ്കിലുള്ള കുറെ അദ്ധ്യാപകരെ ഹയർ സെക്കണ്ടറിയിലേയ്ക്ക് നിയമിച്ച് പ്രൊട്ടക്ട് ചെയ്യാൻ നമുക്ക് കഴിയും. രണ്ട്, ഈ അധിക ബാച്ചുകൾ ലഭിക്കുന്ന സ്വകാര്യ മാനേജ്മെന്റ് സ്കൂളുകൾ കോഴ വാങ്ങി അദ്ധ്യാപക നിയമനം നടത്തുന്നതിനുവേണ്ടിയുള്ള അവരുടെ ശ്രമങ്ങൾക്ക് തടയിടാനും അതുവഴി സാധിക്കും. ആയൊരു തീരുമാനം ഗവൺമെന്റ് കൈകൊള്ളണമെന്നുഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവുണ്ട്. സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്, പക്ഷെ അത്

സംസ്ഥാനത്ത് നടപ്പാക്കുന്നില്ലായെന്നുള്ളത് ദൗർഭാഗ്യകരമാണ്. അതുപോലെതന്നെ സർക്കാർ സ്കൂളുകളിൽ പി.റ്റി.എ. നിയമിച്ച പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം നൽകുമ്പോൾ എയ്ഡഡ് സ്കൂളുകളിൽ അത് നൽകുന്നില്ല. അക്കാഡമിക് വർഷമാരംഭിക്കുമ്പോൾ സൗജന്യ യൂണിഫോം വിതരണവും പാഠപുസ്തക വിതരണവും ഇന്ന് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വളരെ ഭംഗിയായിട്ടാണ് ഈ ഗവൺമെന്റ് പാഠപുസ്തക വിതരണം നടത്തിക്കൊണ്ടുവന്നത്. എന്നാൽ ചില പാളിച്ചകൾ ഈ അദ്ധ്യയന വർഷത്തിലുണ്ടായി. ഇതിനുമുമ്പുണ്ടായ തരത്തിൽ പൂർണ്ണമായ പെർഫെക്ഷനോടുകൂടിയ വിതരണം നടത്താൻ നമുക്ക് കഴിഞ്ഞില്ല. അതുകൊണ്ട് വരുന്ന അദ്ധ്യയന വർഷംമുതൽ ജൂൺ ആദ്യവാരംതന്നെ സൗജന്യമായി കൊടുക്കുന്ന യൂണിഫോമും പാഠപുസ്തകങ്ങളും പൂർണ്ണമായി വിതരണംചെയ്യുമെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. അതുപോലെ അദ്ധ്യാപകർക്ക് റിട്ടയർമെന്റും മറ്റും വഴിയുണ്ടായ ഒഴിവുകളിൽ നിയമനാംഗീകാരം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. അൺ-എക്ണോമിക് ആയി എന്നതിന്റെ പേരിൽ സംസ്ഥാനത്തെ പല മാനേജർമാരും അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടുച്ചുപൂട്ടി റിയൽ എസ്റ്റേറ്റ് മൂല്യങ്ങൾ വർദ്ധിച്ചതുകൊണ്ട് ഈ സ്ഥാപനങ്ങൾ മറ്റ് കാര്യങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുകയാണ്.

സംസ്ഥാനത്തെ ആ വിദ്യാലയങ്ങൾ അടച്ചുപൂട്ടാനുള്ള സ്കൂൾ മാനേജർമാരുടെ ശ്രമങ്ങളെ നിയമം കൊണ്ടുവന്നാണെങ്കിലും തടയിടാനുള്ള

തീരുമാനം സർക്കാർ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു. എസ്.എസ്.എ., ആർ.എം.എസ്.എ. തുടങ്ങിയ കേന്ദ്ര ഫണ്ടുകൾ സർക്കാർ വിദ്യാലയങ്ങൾക്കുമാത്രമാണ് ലഭിക്കുന്നത്. കേരളത്തിൽ 30 ശതമാനം മാത്രമേ സർക്കാർ വിദ്യാലയങ്ങളുള്ളൂവെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. എന്നാൽ സർക്കാരാണ് എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും നോൺ-ടീച്ചിംഗ് സ്റ്റാഫിനും ശമ്പളം കൊടുക്കുന്നത്. അതൊന്നും ഗവണ്മെന്റ് വിദ്യാലയങ്ങളുടെ പരിധിയിൽ വരുന്നില്ല. അതുകൊണ്ട് എയ്ഡഡ് സ്കൂൾ എന്നത് സർക്കാർ എയ്ഡഡ് സ്കൂൾ എന്നാക്കി മാറ്റിയാൽ തീർച്ചയായും നമുക്ക് എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൂടി ഈ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. കേരളത്തിൽ 80 ശതമാനം എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്നത് സാധാരണക്കാരുടെ മക്കളാണ്. പല എയ്ഡഡ് വിദ്യാലയങ്ങളും സർക്കാർ സ്കൂളിനെക്കാൾ നിലവാരം കുറഞ്ഞതാണ്. അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് സർക്കാർ സ്കൂൾ, സർക്കാർ എയ്ഡഡ് സ്കൂൾ, അൺ-എയ്ഡഡ് സ്കൂൾ എന്നിങ്ങനെ മൂന്ന് കാറ്റഗറികളായി സ്കൂളുകളെ തിരിക്കണം. അതുപോലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30, 1:35 എന്ന ക്രമത്തിൽ നിർണ്ണയിക്കുമ്പോൾ സർക്കാർ, എയ്ഡഡ്, കോർപ്പറേറ്റ് വിദ്യാലയങ്ങൾ എന്നിങ്ങനെ വിവേചനമില്ലാതെ നടപ്പാക്കാൻകൂടി ശ്രദ്ധിക്കണം. 2010-2011-ലെ തസ്തിക അടിസ്ഥാനമാക്കി അനുപാതം നടപ്പാക്കുന്നതുമൂലം സർക്കാരിന് ഇക്കാര്യത്തിൽ യാതൊരുവിധ സാമ്പത്തിക ബാധ്യതയുമുണ്ടാകുന്നില്ല. അതുപോലെ കേരള വിദ്യാഭ്യാസ

ചട്ടത്തിൽ (കെ.ഇ.ആർ.) ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ മുൻകൈയെടുക്കണം. അതിലെ പല ചട്ടങ്ങളും കാലഹരണപ്പെട്ടതാണ്. നമ്മുടെ അദ്ധ്യാപക തസ്തികകളായ എൽ.പി. സ്കൂൾ അസിസ്റ്റന്റ് (എൽ.പി. എസ്.എ.), യു.പി.സ്കൂൾ അസിസ്റ്റന്റ് (യു.പി.എസ്.എ.), ഹൈസ്കൂൾ അസിസ്റ്റന്റ് (എച്ച്.എസ്.എ.) എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. ഈ അദ്ധ്യപക തസ്തികയുടെ പേര് പുനർനാമകരണം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പോലീസിൽത്തന്നെ കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റിബിൾ എന്ന തസ്തികകൾക്ക് സിവിൽ പോലീസ് ഓഫീസർ, സീനിയർ സിവിൽ പോലീസ് ഓഫീസർ എന്നൊക്കെ മാറ്റം വരുത്തിയിട്ടുണ്ട്. അദ്ധ്യാപകരെ അസിസ്റ്റന്റ് എന്നുപറയുന്നതെന്തിനാണ്? പ്രൈമറി സ്കൂൾ ടീച്ചർ (പി.എസ്.ടി.), ഹൈസ്കൂൾ ടീച്ചർ (എച്ച്.എസ്.ടി.) എന്നാക്കി അതിനെ പുനർനാമകരണം ചെയ്യണം. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലുണ്ടായിരിക്കുന്ന ഈ ഗുണപരമായ മാറ്റം വളരെ നന്നായി പ്രയോജനപ്പെടുത്തിക്കൊണ്ട് നമുക്കിപ്പോൾ ധാരാളം കേന്ദ്ര ഫണ്ടുകൾ കിട്ടുന്നതുകൂടി പ്രയോജനപ്പെടുത്തി, അത് എയ്ഡഡ് സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ പൊതുവിദ്യഭ്യാസ മേഖലയെ ശക്തിപ്പെടുത്താനും വളരെ കുറഞ്ഞ ചെലവിൽ സാധാരണക്കാർക്ക് പഠിക്കാനുള്ള അന്തരീക്ഷമുള്ള നമ്മുടെ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി അവരുടെ അദ്ധ്യാപകരെക്കൂടി സംതൃപ്തരാക്കി കൊണ്ടുള്ള സമഗ്രമായ സമീപനം ഈ കാര്യത്തിൽ ഉണ്ടാകണം. ഇപ്പോൾ സ്കൂളുകളിൽ സർക്കാർ ഉച്ചഭക്ഷണംവരെ നല്ലരീതിയിൽ നടപ്പിലാക്കുകയാണ്. അതിന് കാലത്തിനനുസരിച്ചുള്ള വിലവർദ്ധനവുണ്ടാകുമ്പോൾ ഉച്ചഭക്ഷണത്തിനുവേണ്ടി സർക്കാർ കൊടുക്കുന്ന പണം കുറച്ചുകൂടി

കൂടുതൽ കൊടുക്കുയും ഉച്ചഭക്ഷണത്തിനുനൽകുന്ന പണം കൃത്യമായാണ് ചെലവഴിക്കപ്പെടുന്നതെന്നും നല്ല ഭക്ഷണംതന്നെയാണ് സ്കൂളുകളിൽ കൊടുക്കുന്നതെന്നും ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണം. വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ഉച്ചഭക്ഷണവും ഉൾപ്പെടെ സമഗ്രമായ ഒരു സമീപനം വിദ്യാഭ്യാസ രംഗത്ത് കൈക്കൊണ്ടാൽ ഗവണ്മെന്റിന്റെ ഈ കാലാവധിക്കുള്ളിൽതന്നെ പൊതുവിദ്യാലയങ്ങളുടെ നില മെച്ചപ്പെടുത്താൻ കഴിയും. അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. പുതുതായി ഹയർ സെക്കണ്ടറി സ്കൂൾ അനുവദിക്കുമ്പോൾ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് ക്ലാസ്സുകൾ നടത്തണമെന്നാണ് നിഷ്കർഷിക്കുന്നത്. അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് പുതുതായി ആരംഭിക്കുന്ന അധിക ബാച്ചുകളുടെ വർക്ക്ലോഡ് തിട്ടപ്പെടുത്തിയതിനുശേഷം മാത്രമാണ്. തസ്തിക സൃഷ്ടിച്ചു കഴിഞ്ഞാൽ സ്പെഷ്യൽ റൂൾസ് നിഷ്കർഷിക്കുന്നത് പ്രകാരമാണ് നിയമനം നടത്തുന്നത്. നിലവിലുള്ള നിയമപ്രകാരം ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തിക നികത്തേണ്ടത് യോഗ്യരായ ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപകരിൽനിന്നാണ്. അവരുടെ അഭാവത്തിൽ 75 ശതമാനം ഒഴിവുകൾ

നേരിട്ടും ബാക്കിയുള്ള 25 ശതമാനം ഒഴിവുകൾ യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽനിന്നുമാണ് നികത്തേണ്ടത്. അവരുടെയും അഭാവത്തിൽ യോഗ്യരായ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകരിൽ നിന്നുമാണ് നികത്തേണ്ടത്. അതുപോലെതന്നെ അധിക ബാച്ച് അനുവദിക്കുന്നതു മൂലമുണ്ടാകുന്ന ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപക തസ്തികയുടെ 75 ശതമാനം നേരിട്ടും 25 ശതമാനം മേൽപ്പറഞ്ഞ പ്രകാരവും സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിലാണ് നികത്തേണ്ടത്. സർക്കാർ എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് ഒരേ അനുപാതം അതായത് 1:45 തന്നെയാണെന്ന് സ്ഥിരീകരിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന 2010–2011-ൽ നിലവിലുണ്ടായിരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിറുത്തുന്നതിനായിമാത്രം നോഷണലായി 1:30, 1:35 അനുപാതം ഉപയോഗിക്കാവുന്നതാണ്. വിവിധ മാനേജുമെന്റുകളുടെ കീഴിൽ അധികമായി വരുന്ന അദ്ധ്യാപകരുടെ പുനർവിന്യാസം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിലും സർക്കാർ സ്കൂളുകളിൽ അധികം വരുന്ന അദ്ധ്യാപകരെ കുട്ടികൾ കൂടുതലുള്ള സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കാൻ സാധിക്കുമെന്നതിനാലുമാണ് അധിക അദ്ധ്യാപകരെ നിലനിറുത്തുന്നതിനായി അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം നോഷണലായി കുറയ്ക്കുന്ന നടപടി എയ്ഡഡ് സ്കൂളുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയത്. സർക്കാർ സ്കൂളുകളിലും കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലും ഇത്തരത്തിൽ അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ട് അധികമായി വരുന്ന അദ്ധ്യാപകരെ

നിലനിർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അധിക തസ്തികകൾ നിർണ്ണയിക്കുന്നതിന് ഒരേ രീതിയിലുള്ള സ്കൂൾതല അനുപാതം തന്നെയാണ് ബാധകമാക്കുന്നത്. സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ.) പ്രവർത്തനങ്ങളെല്ലാം കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമാണ് നടപ്പിലാക്കുന്നത്. സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ്, അദ്ധ്യാപക പരിശീലനം, 2 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, യൂണിഫോം എന്നീ കാര്യങ്ങളിൽ ഇപ്പോഴും എയ്ഡഡ് സ്കൂളിനെ പരിഗണിക്കുന്നുണ്ട്. ആർ.എം.എസ്.എ. മാനദണ്ഡ പ്രകാരം അദ്ധ്യാപക പരിശീലനത്തിനൊഴികെ മറ്റ് ഇനങ്ങൾക്കൊന്നും എയ്ഡഡ് സ്കൂളുകൾക്കായി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം സ്കൂൾ ഫണ്ട് അനുവദിക്കുന്ന സമ്പ്രദായം നിലവിലില്ല. എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾകൂടി പങ്കെടുക്കുന്ന കലോത്സവങ്ങൾ, ശാസ്ത്രമേള, പുസ്തകമേള എന്നിവ നടത്തുന്നതിനായി ഓരോ ഇനത്തിനും ഒരുലക്ഷം രൂപ വീതം ഓരോ ജില്ലയ്ക്കും നൽകാറുണ്ട്. കൂടാതെ ക്രാഫ്റ്റ് മേഖലയ്ക്ക് ജില്ല ഒന്നിന് 80,000/- രൂപ വീതവും സ്കൂൾ കലോത്സവത്തിന് ഓരോ സബ് ജില്ലയ്ക്കും 25,000/- രൂപ വീതവും ആർ.എം.എസ്.എ. ഫണ്ടിൽനിന്നും നൽകുന്നുണ്ട്. ഹൈസ്ക്കൂൾതലം വരെയുള്ള പാഠപുസ്തക ങ്ങളുടെ ഒന്നാംഘട്ടം അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്തുകഴിഞ്ഞു. 1, 3, 5, 7 ക്ലാസ്സുകളിലെ പുതുക്കിയ പാഠപുസ്തകങ്ങളുടെ അഡീഷണൽ പ്രിന്റ് ഓാർഡർ 11-06-2014-ന് നൽകിയിട്ടുള്ളതും അവയുടെ അച്ചടി എത്രയുംവേഗം പൂർത്തിയാക്കി വിതരണം ചെയ്യുന്നതുമാണ്. പ്ലസ്ടു പാഠപുസ്തകങ്ങളുടെ

ഒന്നാംഘട്ട വിതരണം ജൂൺ മാസം 30–ാം തീയതിക്കകം പൂർത്തീകരിക്കു ന്നതിന് ലക്ഷ്യമാക്കിയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പ്ലസ് വൺ ഒന്നാം ഘട്ട പാഠപുസ്തക വിതരണം 2014 ജൂലൈ മാസം 20–ാം തീയതിക്കകം പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 2014-2015 അദ്ധ്യയനവർഷത്തിൽ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന അർഹരായ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണത്തിനായി കേന്ദ്ര മാനവവിഭവ ശേഷി വികസന മന്ത്രാലയം 31.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം എയ്ഡഡ് സ്കൂളിലെ സമാന വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുകൂടി യൂണിഫോം നൽകുന്നതിനായി അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. എത്രയുംപെട്ടെന്ന് യൂണിഫോം വിതരണം ചെയ്യുന്നതാണ്. നടപടിക്രമങ്ങൾ ലഘൂകരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി കെ.ഇ.ആർ. പ്രസിദ്ധീകരിച്ചത് 2011–ൽ മാത്രമാണ്. കാലോചിതമായി കെ.ഇ.ആർ. പരിഷ്കരിക്കേണ്ട ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഭേദഗതി ചെയ്ത് പ്രസിദ്ധീകരിക്കുവാൻ സർക്കാർ ശ്രദ്ധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുമായി ബന്ധപ്പെ ട്ടതിന് പുറമെയുള്ള കാര്യങ്ങൾ, പ്രീപ്രൈമറി ടീച്ചേഴ്സിന്റെ കാര്യത്തിൽ ഇപ്പോൾ നമ്മൾ ഗവണ്മെന്റ് സ്കൂളുകളിലെ പ്രീപ്രൈമറി ടീച്ചേഴ്സിനുമാത്ര മാണ് ഓണറേറിയം കൊടുക്കുന്നത്. കോടതിവിധിയുടെ അടിസ്ഥാനത്തി ലാണ് അവരുടെ ഓണറേറിയം വർദ്ധിപ്പിച്ചത്. എയ്ഡഡ് സ്കൂളുകളിലേയ്ക്ക് അത് വ്യാപിപ്പിച്ചില്ല. അത് വർദ്ധിപ്പിക്കണമെന്ന വ്യാപകമായ ആവശ്യം അവരുടെ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ അൺ–എക്ക

ണോമിക് സ്കൂളുകളെ സംബന്ധിച്ച് ഗവണ്മെന്റ് എയ്ഡഡ് സ്കൂളും അൺ–എക്കണോമിക്കായി ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. തീരെ കുട്ടികളില്ലാത്ത, ഒന്നും രണ്ടും അഞ്ചും പത്തും ഒക്കെ കുട്ടികളുള്ള സ്കൂളുകളുണ്ട്. അക്കാര്യത്തിൽ എന്തുവേണമെന്നുള്ളത് അവാസനം തീരുമാനമെടുക്കാനിരിക്കുന്നതേയുള്ളൂ. സ്കൂളുകളുടെ പേര് മാറ്റുന്ന കാര്യം പറഞ്ഞത് നല്ലൊരു സജക്ഷനാണ്. ഗവണ്മെന്റ് എയ്ഡഡ് സ്കൂളുകളെന്നാക്കിമാറ്റി 30 ശതമാനത്തിനുപകരം 100 ശതമാനവും നമ്മുടെ സ്കൂളുകൾക്ക് എയ്ഡ് കിട്ടാൻ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. അതുപോലെ തസ്തികകളുടെ പേര് മാറ്റുന്ന കാര്യവും വളരെ ഗൗരവമായി ആലോചിക്കാം. ഉച്ചഭക്ഷണത്തിന്റെ കാര്യത്തിലും കാലാനുസൃതമായ മാറ്റങ്ങൾ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ വരുത്താനുള്ള ശ്രമങ്ങൾ ഗവണ്മെന്റ് നടത്തുന്നതാണ്.

ശ്രീ. വി.ഡി. സതീശൻ : സർ, ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് ഇപ്പോൾ സർക്കാർ കൊടുക്കാൻപോകുന്ന അധിക ബാച്ചുകളിൽ അദ്ധ്യാപക നിയമനത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. അതിൽ രണ്ട് രീതിയിലുള്ള പ്രശ്നമുണ്ട്. ഒന്ന്, ഇത് പ്രൊമോഷൻ കൊടുത്തുകഴിഞ്ഞാൽ ഇപ്പോഴുള്ള അദ്ധ്യാപക ബാങ്കിലുള്ള കുറെ അദ്ധ്യാപകരെ ഹയർ സെക്കണ്ടറിയിൽ അക്കോമഡേറ്റ് ചെയ്യാൻ കഴിയും. രണ്ടാമത്, സ്വകാര്യ മാനേജർമാർ ഹയർ സെക്കണ്ടറിയിൽ കിട്ടിയ അധിക ബാച്ചുകളിൽ കോഴവാങ്ങി അദ്ധ്യാപകരെ നിയമിക്കുന്നത് നിയന്ത്രിക്കുവാനും കഴിയും. അതുകൊണ്ട് 75 ശതമാനം നേരിട്ടും 25 ശതമാനം പ്രൊമോഷൻ വഴിയും എന്നത് മാറ്റി 25 ശതമാനം നേരിട്ടും 75 ശതമാനം പ്രൊമോഷൻവഴിയും എന്നാക്കണം. യോഗ്യതയുള്ള അദ്ധ്യാപകർ പ്രൊമോട്ട് ചെയ്യാൻ ഇല്ലെങ്കിൽ മാത്രം ബാക്കി 25 ശതമാനം

നേരിട്ട് നിയമിക്കാൻ കഴിയാവുന്ന തരത്തിൽ മാറ്റിയാൽ സർക്കാരിനുള്ള വലിയ സാമ്പത്തിക ബാധ്യതയില്ലാതാകും. അതുമാത്രമല്ല, വിദ്യാഭ്യാസ രംഗത്തുള്ള അഴിമതിയും ഇല്ലാതാകും. ഇപ്പോൾ ലഭിക്കുന്ന അധിക ബാച്ചുകളിലെങ്കിലും വിദ്യാർത്ഥികളുടെ കയ്യിൽനിന്നും കോഴപ്പണം വാങ്ങാതെ അഡ്മിഷൻ കൊടുക്കുമെന്ന് ഉറപ്പുവരുത്താൻകൂടി ഗവണ്മെന്റ് തയ്യാറാകണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളിൽ വിശദമായ ചർച്ച നടത്തി ഉചിതമായ തീരുമാനമെടുക്കും. മാത്രവുമല്ല, ഈ വർഷംമുതൽ പ്രൊഫ. ലബ്ബാ കമ്മീഷന്റെ ശുപാർശയനുസരിച്ച് ക്ലാസ്സിലെ കുട്ടികളുടെ എണ്ണത്തിലും കുറവ് വരുത്തിയിട്ടുണ്ട്. ഇതുവരെ 60 ആയിരുന്നത് ഇപ്പോൾ 50 ആക്കി നിജപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലും കുറേ അദ്ധ്യാപകരെ നിലവിലുള്ള ബാങ്കിലേയ്ക്ക് പോകുന്ന അദ്ധ്യാപകരായി നിയമിക്കാൻ സാധിക്കും.

## പ്രവാസിക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ആയിരക്കണക്കിന് കാതങ്ങൾക്കകലെ പ്രിയപ്പെട്ടവരെപിരിഞ്ഞ് മണലാരണ്യങ്ങളിൽ വിയർപ്പൊഴുക്കുന്നവരാണ് പ്രവാസികൾ. പ്രവാസം ഗൃഹാതുരത്വവും മാനസിക സംഘർഷങ്ങളുമുണ്ടാക്കുന്ന ഒരു ജീവിതാനുഭവമാണ്. ആഴ്ചയിൽ ഒരിക്കൽ നാട്ടിൽവന്ന് തിരിച്ചുപോകുന്ന അതിസമ്പന്നരായ ആളുകൾക്ക് ഇത് ബാധകമായിരിക്കില്ല. നാട്ടിൽ എന്നെത്തുമെന്ന് അറിയാൻ കഴിയാതെ

വീട്ടിലെ വൃദ്ധമാതാപിതാക്കളെയും മക്കളെയും സഹോദരങ്ങളെയും കുറിച്ച് ആകുലപ്പെടുന്ന പ്രയാസികളായ പ്രവാസികളെക്കുറിച്ചാണ് ഞാൻ പറയുന്നത്. 'ആടുജീവിതം' എന്ന ഒരു മലയാള നോവൽ ഉണ്ട്. സാന്ദർഭികമായി പറയട്ടെ, ആ നോവലിന്റെ അറബിക് വെർഷൻ നിരോധിച്ചതായി ഇന്ന് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 'ആടുജീവിതം' എന്ന നോവലിൽ പറയുന്ന തരത്തിലുള്ള ജീവിതമാണ് എല്ലാവരുടെയും എന്ന് ഞാൻ പറയുന്നില്ല. എന്നാൽ വലിയൊരു വിഭാഗം അങ്ങനെ ജീവിക്കുന്നവരുണ്ട്. ഒരു ശരാശരി മനുഷ്യന് ശാരീരിക അദ്ധ്വാനം നിർവ്വഹിക്കാൻ കഴിയുന്നത് മുപ്പതോ നാൽപ്പതോ വർഷമായിരിക്കും. അത്രയുംവർഷം മറുനാട്ടിൽ അദ്ധ്വാനിച്ച് കഴിയുമ്പോൾ അയാൾ രോഗിയായി തീർന്നിരിക്കും. അധികരക്തസമ്മർദ്ദവും ഹൃദയസംബന്ധമായ അസുഖങ്ങളും പ്രമേഹവും ഗൾഫിലെ പ്രവാസികളുടെ കൂട്ടുകാരാണ്. പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തുമ്പോൾ കൂട്ടുകാരായുണ്ടാകുന്നത് ഈ അസുഖങ്ങൾ മാത്രമായിരിക്കും. മുപ്പതോ നാൽപ്പതോവർഷം പ്രവാസികളായി കഴിയുന്നവരെ സഹായിക്കുന്നതിനാണ് പ്രവാസിക്ഷേമനിധി ബോർഡുണ്ടാക്കിയത്. ഇന്നത്തെ അതിന്റെ അവസ്ഥ വളരെ പ്രതിഷേധാർഹമാണ്. കഴിഞ്ഞദിവസം നോർക്ക ഡിപ്പാർട്ട്മെന്റിന്റെ ഡിമാന്റിൽ മറുപടിയായി ബഹുമാന്യനായ പ്രവാസികാര്യവകുപ്പുമന്ത്രി പറഞ്ഞു 60 വയസ്സായി ഉയർത്താൻ പോവുകയാണെന്ന്. പക്ഷെ ഇപ്പോൾ 55 വയസ്സിൽ ക്ഷേമനിധിയിൽചേർന്ന് 5 വർഷം അംശദായം അടച്ച ആളുകളോട് നിങ്ങൾ അടച്ച പണം തിരിച്ചുവാങ്ങണം, നിങ്ങൾക്ക് പെൻഷൻ തരില്ലെന്നുപറയുകയാണ്. എന്തിനുവേണ്ടിയാണ് ഈ ക്ഷേമനിധി ബോർഡുണ്ടാക്കിയത്? ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള ഒരു പദ്ധതി കഴിഞ്ഞ

ഗവൺമെന്റ് നടപ്പിലാക്കിയതാണ്. എന്നിട്ട് അതിൽ ചേർന്ന് അഞ്ചുവർഷം ക്ഷേമനിധി വിഹിതം അടച്ച ആളുകളോട് നിങ്ങൾ പണം തിരിച്ചുവാങ്ങണമെന്ന് പറയുമ്പോൾ വളരെ കുറ്റകരമായ നന്ദികേടാണ് പ്രവാസി സമൂഹത്തോട് പ്രവാസിക്ഷേമനിധി ബോർഡും ഈ ഗവൺമെന്റും ചെയ്യുന്നത്. 55 വയസ്സിൽ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്ന ആളുകൾ അവരുടേതല്ലാത്ത കുറ്റം കൊണ്ട്....... ഒന്നോരണ്ടോ മാസം കാർഡ് കിട്ടാൻ വൈകിയിട്ടുണ്ടാകും സ്വാഭാവികമായും ബാലാരിഷ്ടതകളുടെ ഭാഗമായി കാർഡ് കിട്ടാൻ വൈകിയിട്ടുണ്ട്. അതെങ്ങനെയാണ് പ്രവാസികളുടെ കുറ്റമാകുന്നത്? 60 വയസ്സായി ഉയർത്താമെന്ന് ഒരുഭാഗത്ത് ഗവൺമെന്റ് പറയുന്നു. മറുഭാഗത്ത് 5 വർഷം ക്ഷേമനിധിയിൽ അംശദായം അടച്ച ആളുകളോട് നിങ്ങൾ അടച്ച തുക തിരിച്ചുവാങ്ങണമെന്ന് പറയുകയാണ്. പെൻഷൻ നിഷേധിക്കുന്ന നിലപാട് വളരെയേറെ പ്രതിഷേധാർഹമായ കാര്യമാണ്. പ്രവാസിക്ഷേമനിധി ബോർഡ് തെറ്റായ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രവർത്തനം വളരെ കുത്തഴിഞ്ഞ നിലയിലാണ്. വിവരാവകാശരേഖ അനുസരിച്ച് ലഭിച്ച വിവരം ചൂണ്ടിക്കാണിക്കുന്നത് 2014 മാർച്ച് വരെ അമ്പത്തിമൂന്ന് കോടി അറുപത്തി ആറ് ലക്ഷം രൂപ വരവും വലിയ ചെലവും ഉണ്ടായിരിക്കുകയാണ്. ഈ സംഖ്യയാകട്ടെ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചുകൊണ്ട് വലിയ തോതിലുള്ള തിരിമറി നടത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രവാസികളുടെ ക്ഷേമത്തിനുപകരം അവിടെയുള്ള ഉദ്യോഗസ്ഥർക്ക് തട്ടിപ്പ് നടത്താനുള്ള വേദിയായി ഇത് മാറുകയാണ്. മെഡിക്കൽ റീഇമ്പേഴ്സമെന്റിന്റെയും ഡെപ്യൂട്ടേഷന്റെയും പേരിൽ വലിയ തോതിലുള്ള അഴിമതികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഓഫീസിലെ എക്വിപ്മെന്റ്സ്

വാങ്ങുന്നതുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള കൃത്യവിലോപവും അഴിമതിയും നടത്തുകയാണ്. ക്ഷേമനിധി ബോർഡിന്റെ വീഴ്ചയുടെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങൾ പ്രവാസികളുടെ മേൽ അടിച്ചേൽപ്പിക്കുകയാണ്. ഒരു ഉദാഹരണം, ഈ ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്നതിനെക്കുറിച്ച് നേരത്തെ കൃത്യമായി വെബ്സൈറ്റിൽ വിവരങ്ങൾ നൽകിയിരുന്നു. എന്നാൽ ഇപ്പോൾ അത് നൽകുന്നില്ല. അത് നൽകാതെ നിങ്ങൾ കുടിശ്ശിക വരുത്തിയിരിക്കുന്നു. അതുകൊണ്ട് അംഗത്വം റദ്ദാക്കാൻ പോകുന്നു എന്ന് കാണിച്ച് കത്തയയ്ക്കുകയാണ്. 30 ലക്ഷത്തോളം പ്രവാസികളുള്ള മലയാളി സമൂഹത്തിൽ ആകെ അംഗങ്ങളായിട്ടുള്ളത് ഒന്നരലക്ഷത്തോളം ആളുകളാണ്. അവരോട് തന്നെ ഇങ്ങനെയുള്ള സമീപനം സ്വീകരിച്ചാൽ ആരാണ് ഇതിൽ ചേരുന്നത്? എല്ലാ പ്രവാസികളെയും അംഗങ്ങളായി ചേർക്കാനുള്ള ബാധ്യത നമുക്കുണ്ട്. ആ ബാധ്യത നിർവ്വഹിക്കുന്നതിന് പകരം അതിൽ ചേർന്ന ആളുകളോട് പെൻഷൻ ലഭിക്കേണ്ട ഘട്ടത്തിൽ ഞങ്ങൾ പെൻഷൻ നൽകില്ല എന്നുപറയുന്നത് ഇത്തരത്തിലുള്ള ബോർഡ് രൂപീകരിക്കുന്ന ഘട്ടത്തിൽ ഭരണകൂട സംവിധാനങ്ങൾക്കുണ്ടായിരുന്ന ധാരണയ്ക്ക് വിരുദ്ധമായ കാര്യമാണ്. അതുകൊണ്ട് പ്രവാസിക്ഷേമനിധി ബോർഡിൽ നടക്കുന്ന ക്രമവിരുദ്ധമായ കാര്യങ്ങൾ പരിശോധിക്കാൻ കഴിയണം. അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ നൽകാനുള്ള സംവിധാനം ഉണ്ടാക്കണം. ഇത് നിഷേധിക്കുന്നതിന്റെ ന്യായമെന്താണ്? പ്രവാസിക്ഷേമനിധി ബോർഡ് അതിന്റെ ലക്ഷ്യങ്ങളിൽനിന്ന് പുറകോട്ട് പോകുന്നത് പ്രതിഷേധമുണ്ടാക്കുന്ന കാര്യമാണ്. ചികിത്സാസഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര സഹായം ഇവയൊക്കെ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ വളരെ കുറച്ച് ആളു

കൾക്ക് മാത്രമാണ് ഇവ നൽകുന്നത്. അപേക്ഷ നൽകിയിട്ടുള്ള ആളുകൾക്ക് കൃത്യമായ മറുപടി നൽകുന്നില്ല. നിതാഖത്ത് നിയമംമൂലം തിരിച്ചുവരുന്ന ആളുകൾക്ക് വലിയ പദ്ധതികൾ നൽകുമെന്ന് കൊട്ടിഘോഷിക്കപ്പെട്ട കാര്യ മാണ്. 20,000 ആളുകൾ അപേക്ഷ സമർപ്പിച്ചു. എന്നാൽ ആകെ ആനു കൂല്യം നൽകിയത് 170 പേർക്ക് മാത്രമാണ്. അവർക്ക് വാഹനമാണ് നൽകി യത്. വാഹനം അല്ലാതെ വേറെ ഒന്നും നൽകിയില്ല. പുനരധിവാസ പ്രക്രിയ വളരെ ഫലപ്രദമായി നടപ്പിലാക്കും എന്ന് പ്രഖ്യാപിച്ച ഗവൺമെന്റാണ് 20,000 പേർ അപേക്ഷ നൽകിയിട്ടും വെറും 170 ആളുകൾക്ക് മാത്രം ആനു കൂല്യങ്ങൾ നൽകിയത്. അപേക്ഷ നൽകിയ ബാക്കി 19,000 ആളുകൾക്ക് ആനുകൂല്യങ്ങൾ നൽകാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ വല്ല ബന്ധവുമുണ്ടോ? പ്രവാസികൾക്കുവേണ്ടി ഒരു പാട് കാര്യങ്ങൾ ചെയ്യുമെന്ന് പ്രഖ്യാപിക്കുന്ന നമ്മുടെ ഭരണകൂട സംവിധാന ങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, പൊതുസമൂഹം അവരോട് വഞ്ചനാപരമായ നിലപാട് സ്വീകരിക്കുന്നുവെന്ന് പറയേണ്ടിവരും. എല്ലാ പാർട്ടികളും ആ രീതിയിലാണെന്ന അർത്ഥത്തിലല്ല ഞാൻ പറയുന്നത്. നിങ്ങൾ തിരിച്ചുവന്നാൽ പെൻഷൻ നൽകുമെന്നും ചികിത്സാസഹായം നൽകുമെന്നും പ്രഖ്യാപിക്കുന്നു. പക്ഷെ പ്രവൃത്തിയിൽ നൽകുന്നുമില്ല. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കണം. അവിടെയുള്ള ആളുകളുടെ ഏറ്റവും വലിയ കാര്യം യാത്രാപ്രശ്നമാണ്. ആ പ്രശ്നത്തിൽ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന സമീപനം ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണ്. ഗൾഫ് സെക്ടറിലെ ആളുകളോട് അധിക ചാർജ് ഈടാ ക്കുകയാണ്. വലിയ തോതിൽ അവരെ കൊള്ളയടിക്കുന്നു. ജൂൺ–ജൂലായ്

അവരുടെ യാത്രാ സീസണാണ്. അപ്പോൾ ചാർജ് വലിയതോതിൽ വർദ്ധിപ്പിച്ചിരിക്കുന്നു. 10,000 രൂപയായിരുന്ന ചാർജ് 30,000 രൂപയായി വർദ്ധിപ്പിച്ചു. ഇത് നമുക്ക് തടയാൻ കഴിയണം. എയർ കേരളയ്ക്കനുകൂലമായ നിലപാടായിരുന്നില്ല കേന്ദ്ര ഗവൺമെന്റിന് എന്നാണ് നമ്മൾ പറഞ്ഞിരുന്നത്. 2013 ഏപ്രിൽ മാസത്തിൽ എയർ കേരള പറന്നുയരും എന്ന് നമ്മൾ പ്രഖ്യാപിച്ചതാണ്. പക്ഷെ അത് പ്രാവർത്തികമായില്ല. എന്നാൽ അങ്ങനെയുള്ള സംവിധാനത്തിന് നമ്മൾ പ്രോത്സാഹനം നൽകുമെന്ന് പുതിയ ഗവൺമെന്റ് പറയുന്നു. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കണം. 'എയർ കേരള' ഗൾഫ് മലയാളികളുടെ യാത്രാക്ലേശത്തിന് പരിഹാരം കാണുന്ന പദ്ധതിയെന്ന നിലയിൽ വളരെ നല്ല കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് അനുകൂലമായ നിലപാട് സ്വീകരിച്ച സാഹചര്യത്തിൽ എയർ കേരള യാഥാർത്ഥ്യമാക്കുന്നതിനുള്ള ഫലപ്രദമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബാബു):</u> സർ, പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നോർക്ക വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നതോടൊപ്പം ഗൾഫിൽ നിന്നുൾപ്പെടെ മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന പലിശ സബ്സിഡി നൽകി, സംരംഭം ആരംഭിക്കുന്നതിന് വേണ്ട സഹായസഹകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതിയായ പ്രവാസി പുനരധിവാസ പദ്ധതി –

'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്' 2013-2014 വർഷം മുതൽ നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതിയിൽ തിരികെയെത്തിയ പ്രവാസികൾ ആരംഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മൂലധന സബ്സിഡി നൽകുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 20 ലക്ഷംരൂപവരെ പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്ന സംരംഭങ്ങൾക്ക് മൊത്തം പദ്ധതിച്ചെലവിന്റെ 10% പരമാവധി 2 ലക്ഷംരൂപവരെ മൂലധനസബ്സിഡിയായും നോർക്ക വകുപ്പ് നൽകുന്നതാണ്. ഈ പദ്ധതിയിലേയ്ക്ക് 2013-14 സാമ്പത്തിക വർഷം ലഭിച്ച ആകെ 20130 അപേക്ഷകർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭി ക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് പരിശീലനബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരികയാണ്. ഇപ്രകാരം പരിപാടികളിൽ പങ്കെ ടുത്ത അപേക്ഷകരിൽ സ്ക്രീനിംഗിന് ഹാജരായ 2868 പേരിൽ 889 പേർ പദ്ധതി ആരംഭിക്കുന്നതിനുള്ള വായ്പയ്ക്ക് അർഹരാണെന്ന് കണ്ടെത്തു കയും 210 പേർക്ക് വായ്പ അനുവദിക്കുകയും ചെയ്തു. ഇവിടെ സബ്സിഡി ഇനത്തിൽ ഇതിനകം 1,00,48,000 രൂപ അനുവദിച്ചിട്ടുണ്ട്. സൗദി അറേബ്യയിലെ നിതാഖത് നിയമം കർശനമാക്കിയ സാഹചര്യത്തിൽ ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തി നായി വിശദമായ പഠനങ്ങൾക്കുശേഷം സർക്കാർ ഒരു സമഗ്ര പുനരധിവാസ പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. ഈ പാക്കേജിന്റെ നടത്തിപ്പിനായി 2014-15 ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കു ന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 2009 ജൂലൈയിലാണ് കേരള പ്രവാസി ക്ഷേമനിധി നിലവിൽ വന്നത്. 18–നും 55–നും മദ്ധ്യേ പ്രായമുള്ള പ്രവാസികൾക്കാണ് ക്ഷേമനിധി അംഗത്വമെടുക്കുന്നതിന് നിലവിൽ വ്യവസ്ഥ

യുള്ളത്. നാളിതുവരെ ക്ഷേമനിധിയിൽ 1,27,639 പേർ അംഗത്വമെടുത്തിട്ടുണ്ട്. ഒരു അംഗത്തിന് പെൻഷൻ അർഹത നേടുന്നതിന് തുടർച്ചയായ 60 വയസ്സു വരെ അംശദായം അടയ്ക്കേണ്ടതുണ്ട്. 2009 ജൂലൈയിൽ നിലവിൽവന്ന ക്ഷേമനിധി 2014 ജൂലൈ മാസത്തോടെയാണ് പെൻഷൻ വിതരണം ആരംഭിക്കുന്നത്. 2014 ജൂലൈ മാസത്തിൽ പെൻഷന് അർഹത നേടിയ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അംശദായ അടവ് കുടിശ്ശിക വരുത്തിയ അംഗങ്ങൾക്ക് കുടിശ്ശിക തുക പിഴ ചേർത്ത് അടച്ച് അംഗത്വം നിലനിർത്തിയാൽ മാത്രമേ പെൻഷന് അർഹതയുണ്ടാവുകയുള്ളൂ, ഇതിനായി അവർക്ക് ബോർഡിൽ നിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. 2014 മെയ് മാസം വരെ ബോർഡിൽ ലഭിച്ച ആനുകൂല്യങ്ങൾക്കായുള്ള സാധുവായ എല്ലാ അപേക്ഷകൾക്കും ബോർഡിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ട്. മരണാനന്തര ധനസഹായമായി ഇതുവരെ 229 പേർക്ക് 59,80,165 രൂപ നൽകിക്കഴിഞ്ഞു. ചികിത്സാധന സഹായത്തിന്റെ ഇനത്തിൽ 117 പേർക്ക് 16,51,774 രൂപ ഇതുവരെ അനുവദിച്ചു. വിവാഹ ധനസഹായമായി 78 പേർക്ക് 3,90,000 രൂപയും പ്രസവാനുകൂല്യമായി 2 പേർക്ക് 6000 രൂപയും അനുവദിച്ചിട്ടുണ്ട്. 2014 മെയ് മാസം വരെ 426 പേർക്ക് 80,27,939 രൂപ വിവിധ ആനുകൂല്യങ്ങൾക്കായി ബോർഡ് വിതരണം ചെയ്തുകഴിഞ്ഞു. 2009–ൽ 55 പൂർത്തിയാക്കാത്ത തുടർച്ചയായി അംശദായം അടച്ചുവരുന്ന ഒരംഗത്തിനും ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നിഷേധിച്ച് അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കേരള പ്രവാസി ക്ഷേമബോർഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് കാണാം. കൂടാതെ, തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസി മലയാളികൾക്ക്

ചികിത്സാസഹായം, വിവാഹ ധനസഹായം, അംഗവൈകല്യം സംഭവിക്കുന്ന വർക്കുള്ള സഹായം, മരണമടയുന്ന പ്രവാസികളുടെ അനന്തരാവകാശി കൾക്ക് മരണാനന്തര സഹായം എന്നിവ നൽകുന്ന സാന്ത്വനം പദ്ധതി നോർക്ക വകുപ്പിലുണ്ട്. ഒരു ലക്ഷം രൂപ കുടുംബ വാർഷികവരുമാന പരിധി നിശ്ചയിച്ച് മരണാനന്തര സഹായം പരമാവധി ഒരു ലക്ഷം രൂപയും ചികിത്സാ സഹായം പരമാവധി 50,000 രൂപയും വിവാഹസഹായം പരമാവധി 15,000 രൂപയും അംഗവൈകല്യം സംഭവിച്ചവരുടെ ഉപകരണങ്ങൾക്ക് 10,000 രൂപയും ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു. നോർക്ക വകുപ്പ് നടപ്പാക്കുന്ന മറ്റ് പ്രധാന പദ്ധതികൾ താഴെപ്പറയുന്നതാണ്. ഇന്ത്യയ്ക്ക് പുറത്തോ ഇതര സംസ്ഥാനങ്ങളിലോവച്ച് മരണമടയുന്ന പ്രവാസികളുടെ മൃതശരീരം സ്വദേശ ത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേകനിധിയായ 'കാരുണ്യം' പദ്ധതി, വിദേശരാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാ ളികൾക്ക് സൗജന്യ വിമാനടിക്കറ്റ് നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി, വിദേശരാജ്യങ്ങളിലെ ജയിലുകളിൽ തന്റേത ല്ലാത്ത കാരണങ്ങളാൽ ശിക്ഷയനുഭവിക്കുന്ന പ്രവാസികൾക്ക് നിയമസ ഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയായ 'പ്രവാസി ലീഗൽ അസിസ്റ്റന്റ്സ്', സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നൽകുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ട ത്തിൽ 'നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' എന്ന പദ്ധതി, പ്രവാ സികൾ ഏറെയുള്ള സംസ്ഥാനത്തിന്റെ താല്പര്യത്തെ പ്രതികൂലമായി ബാധിക്കുന്ന വിമാനക്കമ്പനികളുടെ പ്രവർത്തനങ്ങൾക്കെതിരെ കേന്ദ്ര

സർക്കാരിൽ നോർക്ക നിരന്തര സമ്മർദ്ദം ചെലുത്തിവരുന്നു. തിരക്കുള്ള സമയത്ത് യാത്രാനിരക്ക് വർദ്ധിപ്പിക്കുക, വിമാനം റദ്ദാക്കുക എന്നിങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗൾഫ് മേഖലയിലേയ്ക്ക് മതിയായ വിമാന സർവ്വീസുകൾ ഉറപ്പാക്കണമെന്നും എയർലൈൻസുകൾ തിരക്കുള്ള സമയങ്ങളിൽ അമിതമായ യാത്രാക്കൂലി ഈടാക്കുന്നില്ല എന്ന് ഉറപ്പാക്കണമെന്നും നോർക്ക വകുപ്പ് കേന്ദ്ര വ്യോമയാന വകുപ്പിനോടും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോടും എയർ ഇന്ത്യാ എക്സ്പ്രസ്സിനോടും കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ക്ഷേമനിധിയുടെ നിയമം 2009-ൽ രൂപീകരിച്ചതാണ്. അതിൽനിന്ന് ഒരു മാറ്റവും ഇപ്പോൾ വരുത്തിയിട്ടില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങയുടെ പ്രസ്താവനയിൽ വസ്തുതാപരമായ പിശകുണ്ട്. പ്രായപരിധി 60 വയസ്സാക്കുക എന്നുള്ളത് കേരള പ്രവാസി സംഘം, മറ്റ് പ്രവാസി സംഘങ്ങൾ, നിയമസഭയുടെ പ്രവാസിക്ഷേമ സമിതി ഇവരെല്ലാം ആവശ്യപ്പെട്ട ഒരു കാര്യമാണ്. ഗവൺമെന്റ് ഇത് തത്വത്തിൽ അംഗീകരിച്ചുവെന്ന് പറയുന്നു, പക്ഷേ അങ്ങനെ പറയുമ്പോഴും ഇതിൽചേരുന്ന സമയത്ത് നിങ്ങൾക്ക് 55 വയസ്സ് കഴിഞ്ഞിരിക്കുന്നു, അതുകൊണ്ട് നിങ്ങൾക്ക് പെൻഷന് അർഹതയില്ല എന്ന് പറഞ്ഞ് നോട്ടീസുകൾ ധാരാളം അയച്ചുകൊണ്ടിരിക്കുകയാണ്. അത് അങ്ങ് പരിശോധിക്കണം. ഉദ്യോഗസ്ഥന്മാർ തെറ്റായ റിപ്പോർട്ട് തന്നതായിരിക്കണം. അത് പരിശോധിച്ച് ഇതിൽചേർന്ന് അംശദായം അടച്ച മുഴുവൻ ആളുകൾക്കും പെൻഷൻ

നൽകുന്നതിനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണം. അതല്ലെങ്കിൽ വലിയൊരു നീതികേടായിരിക്കും.

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഗൗരവമുള്ള ഒരു പ്രശ്നം തന്നെയാണ്. ഞാൻ നേരത്തെ പറഞ്ഞു, 2009-ലാണ് പ്രവാസി കേരളീയ ക്ഷേമബോർഡ് രൂപീകരിച്ചപ്പോൾ അംഗത്വമെടുക്കാൻ 55 വയസ്സായി നിശ്ചയിച്ചിരുന്നു. അതാണ് പ്രശ്നം. ആ സമയത്ത് കൃത്യമായ ഒരു പരിശോധന നടക്കാത്തതിന്റെ ഫലമായി 55 വയസ്സ് കഴിഞ്ഞയാളുകളും ഇതിൽ അംഗങ്ങളായി. അന്ന് 55 വയസ്സുള്ളവർക്കാണ് ഇതിനകത്ത് അംഗത്വം കൊടുക്കാൻ തീരുമാനിച്ചത്. അതിൽനിന്ന് ഒരു മാറ്റവും വരുത്തിയിട്ടില്ല. അതേസമയം, 55 വയസ്സ് കഴിഞ്ഞയാളുകൾ ഇതിൽ അംഗത്വമെടുക്കാൻ ഇടവന്ന ഒരു സാഹചര്യമുണ്ട്. അത് ഗൗരവമുള്ള പ്രശ്നമാണ്. പ്രായപരിധി 60 വയസ്സാക്കി ഉയർത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുകയാണ്. അതുപോലെ തന്നെ, ഇവിടെ കൊടുക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞു. സംരംഭങ്ങൾക്ക് കൊടുക്കുന്ന പലിശ സബ്സിഡി വർദ്ധിപ്പിക്കാനും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നതാണ്.